"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - - 2024-25 സാമ്പത്തികവർഷത്തെ ബജറ്റ് - അനുബന്ധം II ക്രമനമ്പർ 2240 - മലപ്പുറം ഏറനാട് നിയോജക മണ്ഡലത്തിലെ 6 റോഡ് പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.1140/2025/LSGD തീയതി,തിരുവനന്തപുരം, 08-05-2025

---

പരാമർശം:- 1) 31.08.2024-ലെ സ.ഉ.(സാധാ.) നം.6612/2024/ധന.

2) 05.02.2025-ലെ സ.ഉ.(സാധാ.) നം.1103/2025/ധന.

3) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 14.03.2025-ലെ LSGD/PD/44234/2024-DB3-നമ്പർ കത്ത്

ഉത്തരവ്

2024-25 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം-II വാല്യം-II ൽ ക്രമ നം.2240 ആയി 350 ലക്ഷം രൂപ അടങ്കൽ കണക്കാക്കി 20% തുക വകയിരുത്തിയും പൊതുമരാമത്ത് വകുപ്പിനെ നിർവഹണ വകുപ്പാക്കിയും ഉൾപ്പെടുത്തിയ മലപ്പുറം -ഒതായി-പുള്ളിയിൽ പാറ-പടിഞ്ഞാറേ ചാത്തല്ലൂർ- കിഴക്കേ ചാത്തല്ലൂർ റോഡ് എന്ന പ്രവൃത്തിയ്ക്ക് പകരം, പരാമർശം (1) പ്രകാരം, തദ്ദേശസ്വയം ഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി ചുവടെ ചേർക്കും പ്രകാരം പ്രവൃത്തികൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ് :-

1. ബാലത്തിൽപുറായി-ചക്കുംകുളം റോഡ് (50 ലക്ഷം)
2. ആലിഞ്ചുവട്-നിറാട് റോഡ് (100 ലക്ഷം)
3. മേൽമുറി-ആക്കപ്പറമ്പ് റോഡ് (100 ലക്ഷം)
4. കുത്തുപറമ്പ്-ആതാടി ചോല റോഡ് (50 ലക്ഷം)
5. പോത്ത് വെട്ടി- അയിനൂർ റോഡ് (50 ലക്ഷം)

2) എന്നാൽ മേൽ പ്രവൃത്തികളിൽ ക്രമനമ്പർ 4 ആയി പരാമർശിച്ചിരിക്കുന്ന കുത്തുപറമ്പ് ആതാടി ചോല റോഡ് എന്ന പ്രവൃത്തിക്ക് പകരം ചുവടെ പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തി, പരാമർശം (2) പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും ആയതിനാൽ ടി പ്രവർത്തികൾക്ക് ഭരണാനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

1. കുണ്ടത്ത് മാങ്ങോടമ്മൽ പാച്ചീരി റോഡ് (30 ലക്ഷം)
2. പന്നിപ്പാറ പള്ളിമുക്ക് റോഡ് (20 ലക്ഷം)

3) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2024-2025 സാമ്പത്തിക വർഷത്തെ

വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ ക്രമ നമ്പർ.2240 ആയി 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരുന്ന ഏറനാട് നിയോജക മണ്ഡലത്തിലെ "**ഒതായി-പുള്ളിയിൽ പാറ-പടിഞ്ഞാറേ ചാത്തല്ലൂർ- കിഴക്കേ ചാത്തല്ലൂർ റോഡ്** എന്ന പ്രവൃത്തിക്ക് പകരമായി തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി പുറപ്പെടുവിച്ച പരാമർശം (1) & (2) പ്രകാരമുള്ള ഭേദഗതി ഉത്തരവുകൾ പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന ചുവടെ പറയുന്ന 6 പ്രവർത്തികൾക്ക് 350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയും ടി പ്രവൃത്തിക്കാവശ്യമായ ചെലവ് 4515-00-800-92(NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

| നം. | പ്രവൃത്തിയുടെ പേര് | അടങ്കൽത്തുക ലക്ഷത്തിൽ |
|---|---|---|
| 1 | ബാലത്തിൽപുറായി-ചക്കുംകുളം റോഡ് | 50 |
| 2 | ആലിഞ്ചുവട്-നിറാട് റോഡ് | 100 |
| 3 | മേൽമുറി-ആക്കപ്പറമ്പ് റോഡ് | 100 |
| 4 | കുണ്ടത്ത് മാങ്ങോടമ്മൽ പാച്ചീരി റോഡ് | 30 |
| 5 | പന്നിപ്പാറ പള്ളിമുക്ക് റോഡ് | 20 |
| 6 | പോത്ത് വെട്ടി- അയിഞ്ഞൂർ റോഡ് | 50 |
| | **ആകെ** | **350** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്. (E:3091499/DEV-3/73/2025-Fin dated 26.04.2025) (AS/LGD/25/42102)

കരുതൽ ഫയൽ. (DB2/203/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 09-05-2025 14:23:35